ഇ-മാലിന്യ നിർമ്മാർജ്ജനം

61 (5408) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇ-മാലിന്യനിർമ്മാർജ്ജന കാര്യത്തിൽ സംസ്ഥാനത്തിന് എത്രത്തോളം വിജയം കൈവരിക്കാനായി എന്നതു സംബന്ധിച്ച വിശദവിവരം നൽകാമോ :

(ബി) റിപ്പയർ ഷോപ്പുകൾ ഉൾപ്പെടെയുള്ള ഉറവിട കേന്ദ്രങ്ങളിൽ നിന്നും ഇ-മാലിന്യം ശേഖരിക്കാൻ സൗകര്യം ഏർപ്പെടുത്തുമോ എന്നു വ്യക്തമാക്കുമോ ;

(സി) ഇ-മാലിന്യനിർമ്മാർജ്ജനത്തിനായി റീസൈക്ലിംഗ് യൂണിറ്റ് തുടങ്ങുന്ന കാര്യം പരിശോധിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ, സർക്കാർ ഇതര സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വർഷങ്ങളായി സംസ്കരിക്കപ്പെടാതെ കിടക്കുന്ന ഇ-മാലിന്യങ്ങളും ദിവസേന പുറംതള്ളുന്ന ഇ-മാലിന്യങ്ങളും നിയമ പ്രകാരമുള്ള ശാസ്ത്രീയമായ പുനഃചംക്രമണത്തിനും തുടർന്നുള്ള സംസ്കരണത്തിനുമുള്ള പദ്ധതിയുടെ ഭാഗമായി ഇതുവരെ സംസ്ഥാനത്ത് നിന്നും 120 ടൺ ഇ-മാലിന്യങ്ങൾ ശേഖരിക്കുകയും അവയുടെ പുനഃചംക്രമണത്തിനായുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽനിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും വ്യവസായ സ്ഥാപനങ്ങളിൽനിന്നും ഉണ്ടാകുന്ന ഉപയോഗശൂന്യമായ കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, ടെലിഫോണുകൾ, മൊബൈൽ ഫോണുകൾ, പ്രിന്ററുകൾ, ഫോട്ടോ കോപ്പിയറുകൾ, സ്കാനറുകൾ, ക്യാമറകൾ, സ്വിച്ചുകൾ, ഫാൻ, എയർകണ്ടീഷണറുകൾ, ഇലക്ട്രിക്കൽ മോട്ടോറുകൾ, ജനറേറ്ററുകൾ, കേബിളുകൾ തുടങ്ങി എല്ലാ ഇലക്ട്രോണിക്, ഇലക്ട്രിക്കൽ മാലിന്യങ്ങളും കിലോയ്ക്ക് 5 രൂപ എന്ന നിരക്കിൽ രസീത് കൈപ്പറ്റി ക്ലീൻ കേരള കമ്പനിയെ ഏൽപ്പിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly